A2/90/2025-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വക്കം മൗലവി ഫൗണ്ടേഷന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിച്ച് ഉത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.164/2026/CLAD തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. 04.01.2021 തീയതിയിലെ 1/2021/ധന. നമ്പർ പരിപത്രം
2. സ.ഉ.(സാധാ)നം.350/2025/സാം.കാ.വ. തീയതി 21.06.2025
3. സ.ഉ.(സാധാ)നം.631/2025/സാം.കാ.വ. തീയതി 31.10.2025
4. വക്കം മൗലവി ഫൗണ്ടേഷൻ ചെയർമാന്റെ 10.12.2025 തീയതിയിലെ VMFT-OTW-2025-12/26 നമ്പർ കത്ത്
5. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 18.12.2025 തീയതിയിലെ എ2-856/25/സാം.വ. നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വക്കം മൗലവി ഫൗണ്ടേഷന് വിവിധ പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷം 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (2), (3) പ്രകാരം രണ്ട് ഗഡുക്കളായി 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിക്കുന്നതിന് സ്ഥാപന ചെയർമാൻ പരാമർശം (4) കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (5) പ്രകാരം, സാംസ്കാരിക വകുപ്പ് ഡയറക്ടർ ഈ അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വക്കം മൗലവി ഫൗണ്ടേഷന് 2025-26 സാമ്പത്തിക വർഷം '2205-00-102-77-16-00-00-N-V' എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ₹3,00,000/-(മൂന്ന് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം സ്ഥാപനത്തിന്റെ 799011400007996 എന്ന സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും

സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത സാമ്പത്തിക വർഷം ആദ്യ ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ചെയർമാൻ, വക്കം മൗലവി ഫൗണ്ടേഷൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 3170259/EDN-D1/77/2025-FIN dated 19.02.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 25-02-2026 12:08:54